സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 173 2024 ഒക്ടോബർ 25 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഇന്ന് നാല് ജില്ലകളിൽ ഓറഞ്ച് അലർട്ട്

തിരു: സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് മുന്നറിയിപ്പ്. ഇന്ന് നാല് ജില്ലകളിൽ ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചു. കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലാണ് ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ യെല്ലോ അലേർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 27 വരെ ശക്തമായ മഴ മുന്നറിയിപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ എന്നീ ജില്ലാകളിൽ നാളെയും യെല്ലോ അലേർട്ടാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

കുറ്റകൃത്യത്തെ കുറ്റകൃത്യമായി കാണണം : മുഖ്യമന്ത്രി

ചേലക്കര: മലപ്പുറം ജില്ലയിൽ നിന്ന് കൂടുതൽ സ്വർണം പിടികൂടിയെന്നതിനെ ജില്ലയ്ക്കെതിരായ നീക്കമായി ചിത്രീകരിക്കേണ്ടതില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മലപ്പുറം ജില്ലയിലാണ് കോഴിക്കോട് വിമാനത്താവളമുള്ളത്. നിരവധി ജില്ലകളിൽ നിന്നുള്ള ആളുകൾ ആശ്രയിക്കുന്ന വിമാനത്താവളമാണത്. ഏതുജില്ലയിൽ നിന്നാണോ പിടികൂടുന്നത് അവിടെ പിടികൂടി എന്ന രീതിയിലാണ് കണക്ക് പുറത്തുവരികയെന്നും മുഖ്യമന്ത്രി പറഞ്ഞു. ചേലക്കര എൽ.ഡി.എഫ് മണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

3 വർഷമെടുത്താൽ 147 കിലോ സ്വർണം പിടികൂടി. അതിൽ 124 കിലോ സ്വർണം മലപ്പുറം ജില്ലയിലാണ് പിടികൂടിയത്. ഇതെന്തോ മലപ്പുറം ജില്ലയ്ക്കെതിരായ നീക്കമാണോ. മലപ്പുറം ജില്ലയിൽ വെച്ച് ഇത്രയും സ്വർണം പിടികൂടിയെന്ന് പറയുമ്പോൾ കാണേണ്ട വസ്തുത മലപ്പുറം ജില്ലയിലാണ് കോഴിക്കോട് വിമാനത്താവളമുള്ളത്. അത് കുറേ ജില്ലകളിൽ നിന്നുള്ള ആളുകൾ ആശ്രയിക്കുന്ന വിമാനത്താവളമാണ്. ആ കണക്ക് സ്വാഭാവികമായിട്ട് ആ ജില്ലയിൽ നിന്ന് പിടികൂടിയാൽ ആ ജില്ലയിൽ നിന്ന് പിടികൂടി എന്നാണ് വരുക. അതിന് എന്തിനാണ് വല്ലാതെ പൊള്ളുന്നത്? ഇത് തടയാൻ സർക്കാരിന് ഉത്തരവാദിത്തമുണ്ടെന്നും അതിലെന്തിനാണ് വല്ലാതെ വേവലാതിപ്പെടുന്നതെന്നും മുഖ്യമന്ത്രി ചോദിച്ചു.

മലപ്പുറം ജില്ലയിൽ ഏതെങ്കിലും ഒരു കുറ്റകൃത്യമുണ്ടായാൽ മറ്റേതൊരു ജില്ലയിലുമുണ്ടാകുന്ന കുറ്റകൃത്യം പോലെ തന്നെയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ഏതെങ്കിലുമൊരു സമുദായത്തിന്റെ മാത്രം കുറ്റകൃത്യമല്ല. കുറ്റകൃത്യത്തെ കുറ്റകൃത്യമായിട്ടാണ് കാണേണ്ടത്. അത് സമുദായത്തിന്റെ പെടലിക്ക് വെക്കേണ്ടതില്ല. അങ്ങനെ സമുദായത്തിന്റെ പെടലിക്ക് വെക്കുന്ന നിലപാട് ഒരു ഘട്ടത്തിലും സർക്കാർ സ്വീകരിച്ചിട്ടില്ല. ആർ.എസ്എസ്സും സംഘപരിവാരും ആഗ്രഹിക്കുന്നത് വർഗീയചേരിതിരിവുണ്ടാക്കലാണ്. ഈ പ്രചരണം വർഗീയചേരിതിരിവ് ഉണ്ടാക്കുന്നതിന് സഹായകമല്ലേ? അത്തരത്തിലുള്ള പ്രചരണമാണോ ഇത്തരം കാര്യങ്ങളിൽ നടത്തേണ്ടതെന്നും മുഖ്യമന്ത്രി ചോദിച്ചു.

അതേസമയം കോൺഗ്രസിനെയും പിണറായി വിമർശിച്ചു. കോൺഗ്രസിൽ നിന്ന് വോട്ട് ചോരുകയും അത് ബി.ജെ.പി വിജയത്തിന് സഹായിക്കുകയും ചെയ്തുവെന്നും മുഖ്യമന്ത്രി പറഞ്ഞു. കോൺഗ്രസിൽ നിന്ന് വിട്ടുപോകുന്ന ആളുകൾ കൂടുന്നു. ഞാൻ തീരുമാനിച്ചാൽ ബി.ജെ.പിയിലേക്ക് പോകുമെന്ന് പറയുന്ന ഒരു പ്രസിഡന്റ് നേതൃത്വം കൊടുക്കുന്ന ഒരു പാർട്ടിയായി കോൺഗ്രസ് മാറിയിരിക്കുന്നു. എല്ലാ വർഗീയതയോടും വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് എൽ.ഡി.എഫിന്റേതെന്നും പിണറായി വ്യക്തമാക്കി.

തിരഞ്ഞെടുപ്പിൽ വോട്ടാണ് പ്രധാനമെന്ന് കണ്ട് വർഗീയതയെ കോൺഗ്രസ് പ്രോത്സാഹിപ്പിക്കുന്ന നിലപാട് എവിടെയെത്തുമെന്നത് അവർ പരിശോധിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മലപ്പുറത്തിനെതിരായ നീക്കമായി ചിത്രീകരിക്കരുത്

ടിക്കറ്റ് എടുക്കാത്തതിൽ പൊരിഞ്ഞ തർക്കം; കണ്ടക്ടറെ യാത്രക്കാരൻ അടിച്ചുകൊന്നു

വെല്ലൂർ: ചെന്നൈയിൽ ടിക്കറ്റ് എടുക്കാത്തിനെ തുടർന്നുണ്ടായ തർക്കത്തിൽ ബസ് കണ്ടക്ടറെ യാത്രക്കാരൻ മർദ്ദിച്ച് കൊലപ്പെടുത്തി. ചെന്നൈയിലെ എംടിസി ബസ് കണ്ടക്ടറായ ജഗൻ കുമാറാണ് (52) മരിച്ചത്. സംഭവത്തിൽ വെല്ലൂർ സ്വദേശിയായ ഗോവിന്ദനെ പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം രാത്രിയോടുകൂടിയായിരുന്നു ഞെട്ടിപ്പിക്കുന്ന സംഭവം അരങ്ങേറിയത്.

യാത്രക്കാരുമായി രാത്രി എഴരയോടെയാണ് ബസ് എംകെബി നഗറിൽ നിന്നും കോയമ്പേട്ടിയിലേക്ക് യാത്ര തിരിച്ചത്. തുടർന്ന് അണ്ണാനഗർ ആർച്ചിൽ നിന്നും ഗോവിന്ദൻ ബസിൽ കയറുകയായിരുന്നു. ടിക്കറ്റ് എടുക്കാൻ കണ്ടക്ടർ ആവശ്യപ്പെട്ടെങ്കിലും ഇയാൾ തയ്യാറായില്ല. തുടർന്നുണ്ടായ തർക്കത്തിൽ ജഗൻ ടിക്കറ്റ് മെഷീനുപയോഗിച്ച് ഗോവിന്ദന്റെ തലയ്ക്കടിക്കുകയായിരുന്നു. ഗോവിന്ദനും തിരികെ മർദ്ദിക്കാൻ തുടങ്ങി. ഗുരുതര പരിക്കേറ്റ ഇരുവരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജഗനെ രക്ഷിക്കാനായില്ല. ഗോവിന്ദനെതിരെ കൊലപാതക കുറ്റം ചുമത്തിയിട്ടുണ്ട്.

കുതിരക്കച്ചവടം കേരളത്തിലേക്കും എത്തിയത് അപമാനകരമെന്ന് ബിനോയ് വിശ്വം



തിരു: എൽ.ഡി.എഫ്. എം.എൽ.എമാർക്ക് കൈക്കൂലി നൽകി എൻ.സി.പി. പാളയത്തിൽ എത്തിക്കാൻ തോമസ് കെ. തോമസ് എം.എൽ. എ. ശ്രമിച്ചെന്ന ആരോപണത്തിൽ രൂക്ഷപ്രതികരണവുമായി സി.പി.ഐ. സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. ജനപ്രതിനിധികൾക്ക് വില പറഞ്ഞുകൊണ്ട് ലക്ഷങ്ങളും കോടികളും അവർക്ക് വെച്ചുനീട്ടുന്ന കുതിരക്കച്ചവട രാഷ്ട്രീയം കേരളത്തിലേക്ക് എത്തിയത് അങ്ങേയറ്റം അപമാനകരമാണെന്നാണ് അദ്ദേഹം പറയുന്നത്.

ഈ വാർത്ത വളരെ ഗൗരവമായാണ് സി.പി.ഐ. കാണുന്നത്. കോഴ സംബന്ധിച്ച ആരോപണത്തിൽ അന്വേഷണം വേണമെന്നും ഇത് സംബന്ധിച്ച സത്യം പുറത്തുവരണമെന്നുമാണ് സി.പി.ഐ. സ്വീകരിച്ചിരിക്കുന്ന നിലപാട്. കാളച്ചന്തയിലെ കാളകളെ പോലെ എം.എൻ.എമാരെ വാങ്ങുന്ന ഏർപ്പാട് ഇന്ത്യയിലെ പലഭാഗത്തുമുണ്ട്. അത് കേരളത്തിലേക്ക് എത്തുന്നുവെന്നത് അപമാനകരം തന്നെയാണ്. അതിനെ കുറിച്ച് ഗൗരവകരമായി തന്നെ അന്വേഷണം നടക്കണമെന്നാണ് ബിനോയി വിശ്വം ആവശ്യപ്പെട്ടിരിക്കുന്നത്.

കോഴ ആരോപണത്തിൽ എന്തെങ്കിലും വസ്തുതയുണ്ടെങ്കിൽ അത്തരത്തിലുള്ള ഒരാൾക്കും എൽ.ഡി.എഫിന്റെ ഭാഗമായിരിക്കാൻ അർഹതയില്ല. എൽ.ഡി.എഫ് നീതിപൂർവ്വമായിട്ടുള്ള, ഡെമോക്രാറ്റിക്കായിട്ടുള്ള ഒരു രാഷ്ട്രീയത്തിന്റെ ഭാഗമാണ്. ആ എൽ.ഡി.എഫിൽ ഒരു എം.എൽ.എയും വിലക്ക് വാങ്ങപ്പെടാനായി നിൽക്കാൻ പാടില്ലെന്നും ബിനോയ് വിശ്വം പറഞ്ഞു.

എൽ.ഡി.എഫിലെ 2 എം.എൽ. എമാരെ എൻ.സി.പി അജിത് പവാർ പക്ഷത്തെത്തിക്കുന്നതിന് എൻ.സി.പി. നേതാവും കുട്ടനാട് എം.എൽ.എയുമായ തോമസ് കെ. തോമസ് 100 കോടി രൂപ വാഗ്ദാനം ചെയതതായാണ് ആരോപണം. മുൻ മന്ത്രിയും ജനാധിപത്യ കേരള കോൺഗ്രസിലെ ഏക എം.എൽ.എയുമായ ആന്റണി രാജുവിനും ആർ.എസ്.പി ലെനിനിസ്റ്റ് നേതാവ് കോവൂർ കുഞ്ഞുമോനുമാണ് ഈ തുക വാഗ്ദാനം ചെയ്തത്.

2.550 കിലോഗ്രാം കഞ്ചാവുമായി ചൂണ്ടൽ സ്വദേശി പിടിയിൽ

കുന്നംകുളം: പുതുശ്ശേരിയിൽ എക്സൈസിന്റെ വൻ കഞ്ചാവ്വേട്ട. 2.550 കിലോ ഗ്രാം കഞ്ചാവുമായി ചൂണ്ടൽ സ്വദേശി അസ്റ്റിൽ.

പുതുശ്ശേരിയിലെ പ്രതിയുടെ താമസ സ്ഥലത്ത് എക്സൈസ് നടത്തിയ പരിശോധനയിലാണ് കഞ്ചാവ് കണ്ടെടുത്തത്.ചൂണ്ടൽ തായംങ്കാവ് ചൂണ്ടപ്പുരക്കൽ വീട്ടിൽ മനോജ് (48)നെയാണ് കുന്നംകുളം റേഞ്ച് എക്സൈസ് ഇൻസ്പെക്ടർ മണികണ്ഠന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടിയത്. വീടിനകത്തും, ഓട്ടോറിക്ഷയിലും ഒളിപ്പിച്ച നിലയിലായിരുന്നു കഞ്ചാവ്. പോക്സോ കേസിൽ പ്രതിയായ മനോജ് ചൂണ്ടലിൽ നിന്നും മാസങ്ങൾക്ക് മുൻപാണ് പുതുശ്ശേരി മേഖലയിൽ താമസ്സമാക്കിയത്. വാടകക്ക് എടുത്ത വീടിന്റെ കിടപ്പ് മുറിയിൽ നിന്നാണ് 20 കിലോ കഞ്ചാവ് പിടിച്ചെടുത്തത്. എക്സൈസ് സംഘത്തെ കണ്ട് ഭർത്താവ് ഓടി രക്ഷപെട്ടപ്പോൾ ഭാര്യയെ കസ്റ്റഡിയിലെടുത്തു. ആര്യനാട് പറണ്ടോട് സ്വദേശി മനോജും ഭാര്യ ഭുവനേശ്വരിയുമാണ് ഇവിടെ വാടകയ്ക്ക് താമസിച്ചിരുന്നത്. ആലപ്പുഴയിൽ കഞ്ചാവ് കേസിൽ പിടിയിലായവർ നല്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് എക്സൈസ് സംഘം പരിശോധന നടത്തിയത്.

രണ്ട് മാസം മുമ്പ് വീട് വാടകയ്ക്ക് എടുത്ത ദമ്പതികൾ അധികം വീടിന് പുറത്തിറങ്ങിയിരുന്നില്ലെന്ന് നാട്ടുകാർ പറയുന്നു. പാറശാല റയിൽവേ സ്റ്റേഷൻ പരിസരത്തു നിന്നുമാണ് നാലംഗ സംഘത്തിൽ നിന്ന് 20 കിലോ കഞ്ചാവ് പിടികൂടിയത്. വലിയതുറ സ്വദേശിയായ രഘു, കൊല്ലം സ്വദേശി ഷിബു, ഒഡിഷ സ്വദേശികാളായ വിക്രം കുമാർ, രഞ്ചൻ ഖുറാരായ എൻ ആർ രാജു, മോഹൻദാസ് സിദ്ധാർത്ഥൻ, സിവിൽ എക്സൈസ് ഓഫീസർമാരായ ആനന്ദ്, മനോജ്, ശ്രീരാഗ് ഡ്രൈവർ സതീഷ് എന്നിവർഅടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

ഭർത്താവ് മുങ്ങി, കഞ്ചാവുമായി ഭാര്യ പിടിയിൽ

സോഷ്യൽ മീഡിയയിൽ വൈറൽ സുരേഷ് കൃഷ്ണയുടെ 'കൺവിൻസിങ്' സ്റ്റാർ ആണെങ്കിൽ ഇപ്പോളിതാ ഒരു 'കൺവിൻസിങ്' ഭർത്താവാണ് വൈറൽ. കഞ്ചാവുമായി പിടിയിലായപ്പോൾ ഭാര്യയെ ഇട്ടിട്ട് ഓടി രക്ഷപ്പെട്ടിരിക്കുകയാണ് ആ മഹാൻ. നെടുമങ്ങാട് ദമ്പതികൾ വാടകയ്ക്ക് താമസിച്ചിരുന്ന വീടിന്റെ കിടപ്പു മുറിയിൽ നിന്നാണ് 20 കിലോ കഞ്ചാവ് പിടിച്ചെടുത്തത്. എക്സൈസ് സംഘത്തെ കണ്ട് ഭർത്താവ് ഓടി രക്ഷപെട്ടപ്പോൾ ഭാര്യയെ കസ്റ്റഡിയിലെടുത്തു. ആര്യനാട് പറണ്ടോട് സ്വദേശി മനോജും ഭാര്യ ഭുവനേശ്വരിയുമാണ് ഇവിടെ വാടകയ്ക്ക് താമസിച്ചിരുന്നത്. ആലപ്പുഴയിൽ കഞ്ചാവ് കേസിൽ പിടിയിലായവർ നല്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് എക്സൈസ് സംഘം പരിശോധന നടത്തിയത്.

രണ്ട് മാസം മുമ്പ് വീട് വാടകയ്ക്ക് എടുത്ത ദമ്പതികൾ അധികം വീടിന് പുറത്തിറങ്ങിയിരുന്നില്ലെന്ന് നാട്ടുകാർ പറയുന്നു. പാറശാല റയിൽവേ സ്റ്റേഷൻ പരിസരത്തു നിന്നുമാണ് നാലംഗ സംഘത്തിൽ നിന്ന് 20 കിലോ കഞ്ചാവ് പിടികൂടിയത്. വലിയതുറ സ്വദേശിയായ രഘു, കൊല്ലം സ്വദേശി ഷിബു, ഒഡിഷ സ്വദേശികാളായ വിക്രം കുമാർ, രഞ്ചൻ ഖുറാരായ എൻ ആർ രാജു, മോഹൻദാസ് സിദ്ധാർത്ഥൻ, സിവിൽ എക്സൈസ് ഓഫീസർമാരായ ആനന്ദ്, മനോജ്, ശ്രീരാഗ് ഡ്രൈവർ സതീഷ് എന്നിവർഅടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. പളളിച്ചലിൽ കഞ്ചാവ് കൈമാറുന്നതിനിടെയാണ് 8 കിലോ കഞ്ചാവുമായി പ്രതി പിടിയിലായത്. പ്രാവച്ചമ്പലം സ്വദേശി റഹീമാണ് നെയ്യാറ്റിൻകര എക്സൈസ് സംഘത്തിന്റെ വലയിലായത്.

ഐഎഫ്എഫ്ഐ' ഇന്ത്യൻ പനോരമയിൽ 4 ചിത്രങ്ങൾ

കൊച്ചി: 55–ാം അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലെ ഇന്ത്യൻ പനോരമയിൽ പ്രദർശിപ്പിക്കുന്ന സിനിമകളുടെ പട്ടിക പ്രഖ്യാപിച്ചു. 25 ഫീച്ചർ സിനിമകളുടെയും 20 നോൺ–ഫീച്ചർ സിനിമകളുടെയും പട്ടികയാണ് പുറത്തുവിട്ടത്. 5ഭാഷകളിലെ 384 ഫീച്ചർ ചലച്ചിത്രങ്ങളുടെ പട്ടികയിൽ നിന്നും തിരഞ്ഞെടുത്ത സിനിമകളാണ് ഇന്ത്യൻ പനോരമയിൽ പ്രദർശിപ്പിക്കുക. മലയാളത്തിൽ നിന്നും നാല് സിനിമകൾ ഇന്ത്യൻ പനോരമയിൽ ഇടം നേടിയിട്ടുണ്ട്. പൃഥ്വിരാജ്–ബ്ലെസി കൂട്ടുകെട്ടിന്റെ ആടുജീവിതം, മമ്മൂട്ടി ചിത്രം ഭ്രമയുഗം, ആസിഫ് അലി നായകനായ ലെവൽ ക്രോസ്, ചിദംബരം സംവിധാനം ചെയ്ത മഞ്ഞുമ്മൽ ബോയ്സ് എന്നീ സിനിമകളാണ് പട്ടികയിൽ ഇടം നേടിയ മലയാളം സിനിമകൾ.

സ്വർണ്ണ വിലയിൽ നേരിയ വർധന: പവന് 58,360 രൂപയായി

തിരു: സംസ്ഥാനത്ത് സ്വർണ വിലയിൽ നേരിയ വർധന. പവന്റെ വില 58,360 രൂപയായി. ബുധനാഴ്ച പവന്റെ വില 58,720 രൂപയിൽ എത്തിയിരുന്നെങ്കിലും പിന്നീട് 58,280 രൂപയിലേയ്ക്ക് താഴ്ന്നിരുന്നു. 7,295 രൂപയാണ് ഗ്രാമിന്.

രാജ്യത്തെ കമ്മോഡിറ്റി വിപണിയായ എംസിഎക്സിലും സമാനമായ വിലവർധനവുണ്ടായി. 10 ഗ്രാം 24 കാരറ്റ് സ്വർണത്തിന്റെ വില 78,110 രൂപയിലെത്തി. വൻതോതിൽ ലാഭമെടുപ്പ് നടന്നതിനെ തുടർന്ന് ആഗോള വിപണിയിലും സ്വർണ വിലയിൽ നേരിയ ഇടിവ് രേഖപ്പെടുത്തി.

അതേസമയം, ആഗോള അനിശ്ചിതത്വങ്ങൾ ഇപ്പോഴും സ്വർണത്തിന് അനുകൂലമാണ്. മിഡിൽ ഈസ്റ്റിലെ സംഘർഷം, യുഎസ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അനിശ്ചിതത്വം, ഫെഡ് റിസർവിന്റെ നിരക്ക് കുറയ്ക്കൽ സൂചന എന്നിവയെല്ലാം സ്വർണ വിലയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

തനിക്ക് ആരും പണം വാഗ്ദാനം ചെയ്തിട്ടില്ല, 50 കോടി ആരോപണം നിഷേധിച്ച് കുഞ്ഞുമോൻ

തിരു: എൻസിപി അജിത് പവാർ പക്ഷത്തേക്ക് മാറുന്നതിന് തോമസ് കെ തോമസ് എംഎൽഎ 100 കോടി രൂപ വാഗ്ദാനം ചെയ്തെന്ന ആരോപണം നിഷേധിച്ച് കോവൂർ കുഞ്ഞുമോൻ എംഎൽഎ. ആരും പണം വാഗ്ദാനം ചെയ്തിട്ടില്ല. ആന്റണി രാജുവുമായിട്ടോ തോമസ് കെ തോമസുമായിട്ടോ ഇങ്ങനെ ഒരു വിഷയത്തെക്കുറിച്ച് സംസാരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി വിളിച്ചിരുന്നെന്നും അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്ന് പറഞ്ഞതായും അദ്ദേഹം കൂട്ടിച്ചേർത്തു.

'ആരും തനിക്ക് പണം വാഗ്ദാനം ചെയ്തിട്ടില്ല. ആന്റണി രാജുവുമായിട്ട് ഇങ്ങനെ ഒരു സംഭവത്തെക്കുറിച്ച് സംസാരിച്ചിട്ടില്ല. പണത്തിന്റെ ഇടപാടും സംസാരിച്ചിട്ടില്ല. തോമസ് കെ തോമസുമായിട്ടും സംസാരിച്ചിട്ടില്ല. ഞങ്ങൾ എല്ലാം സുഹൃത്തുക്കളാണ്'– കോവൂർ കുഞ്ഞുമോൻ പറഞ്ഞു.

അർഹമായ പലതും കിട്ടേണ്ടതായിരുന്നു. കിട്ടിയിട്ടില്ല. അർഹമായ പ്രാതിനിധ്യം കിട്ടേണ്ടതായിരുന്നു. എന്നാൽ ഒരാളോടും പരിഭവം പറഞ്ഞിട്ടില്ലെന്നും കോവൂർ കുഞ്ഞുമോൻ വ്യക്തമാക്കി. 'വിഷയവുമായി മുഖ്യമന്ത്രി വിളിച്ചിരുന്നു. അദ്ദേഹത്തോട് ചില കാര്യങ്ങൾ പറഞ്ഞിരുന്നു. കൊട്ടാരക്കരയിൽ നിന്ന് കാണാമെന്ന് പറഞ്ഞു. കൊട്ടാരക്കര റസ്റ്റ് ഹൗസിൽ ഞാനും സിഎമ്മും മാത്രമേ ഉണ്ടായിരുന്നുള്ളൂ. എല്ലാ കാര്യങ്ങളും പറഞ്ഞു. വല്ല പ്രശ്നവും ഉണ്ടോ എന്ന് ചോദിച്ചപ്പോൾ അങ്ങനെ സംഭവമുണ്ടായിട്ടില്ലെന്ന് പറഞ്ഞു. ഞാൻ അങ്ങനെ ഒന്നിന്റെ ഭാഗമായിട്ട് പോകുന്നയാളല്ലെന്നും പറഞ്ഞു'– കോവൂർ കൂട്ടിച്ചേർത്തു.

കുട്ടനാട് എംഎൽഎയായ തോമസ് കെ തോമസ് 50 കോടി രൂപ വാഗ്ദാനം ചെയ്ത് രണ്ട് എംഎൽഎമാരെ കൂറുമാറ്റം നടത്താൻ നീക്കം നടത്തിയെന്നാണ് ആരോപണം. ഈ ആക്ഷേപം സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റിൽ മുഖ്യമന്ത്രി റിപ്പോർട്ട് ചെയ്തു. എന്നാൽ ആരോപണം നിഷേധിച്ചുകൊണ്ട് ഒരു കത്ത് തോമസ് കെ തോമസ് മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്.

എംഎൽഎമാരായ ആന്റണി രാജു (ജനാധിപത്യ കേരള കോൺഗ്രസ്), കോവൂർ കുഞ്ഞുമോൻ (ആർഎസ്പി ലെനിനിസ്റ്റ്) എന്നിവർക്ക് 50 കോടി വീതം തോമസ് കെ തോമസ് വാഗ്ദാനം ചെയ്തെന്നാണ് മുഖ്യമന്ത്രിക്ക് ലഭിച്ച പരാതിയിൽ പറയുന്നത്. ബിജെപിയുടെ സഖ്യകക്ഷിയായ എൻസിപിയിൽ ചേരാനായിരുന്നു ക്ഷണിച്ചത്. പിണറായി ഇക്കാര്യം ആന്റണി രാജുവിനെ വിളിച്ച് അന്വേഷിച്ചപ്പോൾ അദ്ദേഹം വിവരം സ്ഥിരീകരിക്കുകയും ചെയ്തു.

"തോമസ് കെ തോമസുമായി അടുത്ത ബന്ധം, എന്തുകൊണ്ട് എന്നോട് ഓഫർ വച്ചില്ല"? ഗണേശ് കുമാർ

കൊല്ലം: എൻസിപി എംഎൽഎ തോമസ് കെ തോമസ് എൽഡിഎഫിലെ രണ്ട് എംഎൽഎമാർക്ക് കോഴ വാഗ്ദാനം നൽകി കൂറുമാറാൻ പ്രേരിപ്പിച്ചുവെന്ന വാർത്ത അടിസ്ഥാനരഹിതമാണെന്ന് മന്ത്രി ഗണേഷ് കുമാർ. വാഗ്ദാനം ചെയ്തുവെന്ന് പറയുന്നതല്ലാതെ തെളിവുകളില്ലല്ലോ? 100 കോടി എന്ന് പറയുന്നത് ചെറിയ സംഖ്യയാണോ? . തോമസ് കെ തോമസിന്റെ മുഴുവൻ സ്വത്ത് വിറ്റാലും 100 കോടി കിട്ടില്ല. അത്തരത്തിലുള്ള ഓഫർ വച്ചാൽ കേരളത്തിലെ എംഎൽഎമാർ പോകുമെന്ന് തോന്നുന്നില്ലെന്നും ഗണേശ് കുമാർ പ്രതികരിച്ചു.

തോമസ് കെ തോമസ് എന്നോട് ഏറ്റവും അടുപ്പമുള്ള ആളാണ്. ഞാനൊരു പാർട്ടിയുടെ ചെയർമാനും പാർലമെന്ററി പാർട്ടിയുടെ ലീഡറും എംഎൽഎയുമൊക്കെയാണ്. എന്തുകൊണ്ട് എന്നോട് വച്ചില്ല ഈ ഓഫർ. നമ്മുടെ അടുത്തൊന്നും വയ്ക്കത്തില്ല. ഇതൊരു കെട്ടുകഥയാകാനാണ് സാദ്ധ്യത. കേരളത്തിലെ എംഎൽഎമാരെ പ്രത്യേകിച്ച് എൽഡിഎഫ് എംഎൽഎമാരെ കാശ് കൊടുത്ത് വളയ്ക്കാം എന്ന് ചിന്തിക്കുന്നത് തീരെ ബുദ്ധിയില്ലാത്ത ഒരാളെ കൊണ്ടേപറ്റൂ. 23 വർഷമായി രാഷ്ട്രീയത്തിലുണ്ട്. എന്റെയടുത്ത് ഇതുവരെ ഓഫറുമായി ഒരാളും വന്നിട്ടില്ല. ഇവനെ അങ്ങനെ കിട്ടില്ല എന്നതുകൊണ്ടാകാം വരാത്തതെന്നും, അതിൽ വളരെ സന്തോഷമുണ്ടെന്നും ഗണേശ് കുമാർ പറഞ്ഞു.

എൻസിപി (ശരദ് പവാർ) എംഎൽഎ തോമസ് കെ.തോമസിന്റെ മന്ത്രിസഭാ പ്രവേശം മുഖ്യമന്ത്രി അനുവദിക്കാതിരുന്നത്, അദ്ദേഹം 50 കോടി രൂപ വീതം വാഗ്ദാനം ചെയ്ത് 2 എൽഡിഎഫ് എംഎൽഎമാരെ കൂറുമാറ്റാൻ നീക്കം നടത്തിയിരുന്നുവെന്ന പരാതി കാരണമെന്നാണ് ആരോപണം. ഈ ഗുരുതര ആക്ഷേപം സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രി റിപ്പോർട്ട് ചെയ്തു.

ആരോപണം പൂർണമായി നിഷേധിക്കുന്ന കത്ത് തോമസ് കെ.തോമസ് മുഖ്യമന്ത്രിക്കു കൈമാറി. കോവൂർ കുഞ്ഞുമോൻ, ആന്റണി രാജു എന്നിവർക്കാണ് 50 കോടി വീതം തോമസ് കെ തോമസ് വാഗ്ദാനം ചെയ്തതെന്നാണ് ആരോപണം.

ഭർത്താവിനൊപ്പം ജീവിക്കണം; പന്തീരങ്കാവ് ഗാർഹിക പീഡനക്കേസ് റദ്ദാക്കി

കോഴിക്കോട്: പന്തീരങ്കാവ് ഗാർഹിക പീഡനക്കേസ് റദ്ദാക്കി. തനിക്ക് പരാതിയില്ലെന്നും ഭർത്താവ് രാഹുൽ പി ഗോപാലിനൊപ്പം ജീവിക്കണമെന്നും കാണിച്ച് യുവതി നേരത്തെ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് കേസ് റദ്ദാക്കിയത്.

സ്ത്രീധനം ആവശ്യപ്പെട്ട് ഭർത്താവ് രാഹുൽ പി ഗോപാൽ തന്നെ ക്രൂരമായി മർദ്ദിച്ചെന്ന് പറഞ്ഞുകൊണ്ട് യുവതി തന്നെയാണ് ആദ്യം രംഗത്തെത്തിയത്. വിവാഹം കഴിഞ്ഞ് ദിവസങ്ങൾക്കിപ്പുറമായിരുന്നു നവവധു ഗുരുതര ആരോപണങ്ങളുന്നയിച്ചത്.

ഭർത്താവ് ബെൽറ്റുകൊണ്ട് മർദ്ദിച്ചുവെന്നും ചാർജർ കേബിൾ വച്ച് കഴുത്തുമുറുക്കിയെന്നുമൊക്കെ പറഞ്ഞിരുന്നു. സ്ത്രീധനം ആവശ്യപ്പെട്ടെന്നും ആരോപിച്ചിരുന്നു. എന്നാൽ കുറച്ചുനാളുകൾക്ക് ശേഷം തന്നെ ഭർത്താവ് ഉപദ്രവിച്ചിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് യൂട്യൂബ് വീഡിയോയിലൂടെ യുവതി രംഗത്തെത്തി. ബന്ധുക്കളുടെ സമ്മർദ്ദത്തെ തുടർന്നാണ് ഭർത്താവായ രാഹുലിനെതിരെ പരാതി നൽകിയത്.

അന്ന് തനിക്ക് പക്വമായ നിലപാട് എടുക്കാൻ കഴിഞ്ഞില്ല. അതിൽ കുറ്റബോധമുണ്ടെന്നും അന്ന് രഹസ്യമൊഴി നൽകിയപ്പോൾ അച്ഛന്റെ സമ്മർദ്ദം കാരണമാണ് കോടതിയോട് കള്ളം പറയേണ്ടി വന്നതെന്നും വീഡിയോയിൽ യുവതി പറഞ്ഞിരുന്നു.

തനിക്ക് പരാതിയുണ്ടായിരുന്നില്ലെന്നും രാഹുലേട്ടന്റെ കൂടെ പോകാനാണ് ആഗ്രഹിച്ചിരുന്നതെന്നും വീട്ടുകാർ ഇടപെട്ട് കാര്യങ്ങൾ വഷളാക്കുകയായിരുന്നുവെന്നും യുവതി മാദ്ധ്യമങ്ങളോടും പറഞ്ഞിരുന്നു. ഇതിനുപിന്നാലെയാണ് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയത്. പ്രതിയായ രാഹുൽ മകളെ സ്വാധീനിച്ചതായിരിക്കാം മൊഴി

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ജി.ഐ.ഒ. ജില്ലാ സമ്മേളനം നാളെ

തൃപ്രയാർ: ജി.ഐ.ഒ. ജില്ലാ സമ്മേളനം ശനിയാഴ്ച (26.10.24) തൃപ്രയാർ ടി.എസ്.ജി.എ. ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. ജമാഅത്തെ ഇസ്‌ലാമി കേരള സെക്രട്ടറി ശിഹാബ് പൂക്കോട്ടൂർ ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് ഇർഫാന ഫർഹത്ത് അധ്യക്ഷത വഹിക്കും.

ഇസ്‌ലാം വിമോചന പോരാട്ടങ്ങളുടെ നിത്യ പ്രചോദനം എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ ജി.ഐ.ഒ. കേരള വൈസ് പ്രസിഡന്റ് ആഷിഖ ഷിറിൻ, സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് സി.ടി. ശുഹൈബ് എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നടത്തും. ജി.ഐ.ഒ. ജില്ലാ സെക്രട്ടറിയേറ്റംഗം നസീഹ റഹ്മത്തലി, ആർ.എസ്. വസീം, അഫീദ അഹ്മദ്, ഹാരിസ് നെന്മാറ, പി.ജെ. നാജിയ, ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് കെ.കെ. ഷാനവാസ്, ജമാഅത്തെ ഇസ്‌ലാമി വനിത വിഭാഗം ജില്ലാ പ്രസിഡന്റ് ഹുദ ബിൻത് ഇബ്രാഹിം, റൈഹാന റസൽ, ഇസ്സത്ത് ആഷിയാന, സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് അനീസ് ആദം, എസ്.ഐ.ഒ. ജില്ലാ പ്രസിഡന്റ് ബിലാൽ ശെരീഫ്, അബ്നം സാക്കിയ തുടങ്ങിയവർ സംസാരിക്കും. 15,000 പ്രതിനിധികൾ അടക്കം 2,,000 പേർ പങ്കെടുക്കും.

സമ്മേളനത്തിന്റെ ഭാഗമായി നടക്കുന്ന പ്രകടനത്തിൽ 1,000 വിദ്യാർത്ഥിനികൾ അണിനിരക്കും. നാട്ടികയിൽ നിന്ന് ഉച്ചക്ക് 2.30ന് തുടങ്ങുന്ന പ്രകടനത്തിന് ജില്ലാ നേതാക്കൾ നേതൃത്വം നൽകും. തൃപ്രയാർ സെന്റർ, പോളി ജംഗ്ഷൻ വഴി സമ്മേളന നഗരിയിൽ എത്തും. തുടർന്ന് നാലിന് പൊതുസമ്മേളനം ആരംഭിക്കും. ദാന റാസിഖിന്റെ ഇശൽ മെഹ്ഫിലുമുണ്ട്.

വാർത്താ സമ്മേളനത്തിൽ ജി.ഐ.ഒ. ജില്ലാ പ്രസിഡന്റ് ഇർഫാന ഫർഹത്ത്, സെക്രട്ടറി ഇസ്സത്ത് ആഷിയാന, സമ്മേളന കൺവീനർ അബ്നം സക്കിയ, എ.എസ്. ഫിദ ഫാത്തിമ, ഹിബ ഷിബിലി എന്നിവർ പങ്കെടുത്തു.

ഔദ്യോഗികവാഹനം കണ്ടില്ല; സുരേഷ് ഗോപി ഓട്ടോ വിളിച്ചുപോയി

ഹരിപ്പാട്: മണ്ണാറശാലയിൽ പുരസ്കാരദാന സമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയ കേന്ദ്രമന്ത്രി സുരേഷ് ഗോപി മടക്കയാത്രയ്ക്കൊരുങ്ങിയപ്പോൾ ഔദ്യോഗികവാഹനം കണ്ടില്ല. പരിഭവിച്ച മന്ത്രി യാത്രക്കാരുമായി ക്ഷേത്രത്തിലെത്തിയ ഓട്ടോറിക്ഷയിൽ കയറി. ഒന്നരക്കിലോമീറ്റർ അകലെ ഹരിപ്പാട് സുബ്രഹ്മണ്യസ്വാമീ ക്ഷേത്രത്തിനു സമീപത്തെ ഹനുമദ്ക്ഷേത്രംവരെ ഓട്ടോറിക്ഷയിൽ യാത്രചെയ്തു. അപ്പോഴേക്കും ഔദ്യോഗികവാഹനവും പോലീസ് സംഘവും സ്ഥലത്തെത്തി. തുടർന്ന്, ഔദ്യോഗികവാഹനത്തിൽ യാത്ര തുടർന്നു.

വ്യാഴാഴ്ച വൈകീട്ട് ആറരയോടെയായിരുന്നു പുരസ്കാരദാന സമ്മേളനം. ഉദ്ഘാടനത്തിനുശേഷം ക്ഷേത്രദർശനം നടത്തിയ അദ്ദേഹം മഹാദീപക്കാഴ്ചയിലും പങ്കാളിയായി. തുടർന്നാണ് മടക്കയാത്രയ്ക്കു തയ്യാറെടുത്തത്. അല്പനേരം കാത്തുനിന്നിട്ടും ഔദ്യോഗികവാഹനം എത്തിയില്ല. ഇതോടെയാണ് ക്ഷേത്രത്തിൽ യാത്രക്കാരെ ഇറക്കാനായി എത്തിയ ഓട്ടോയിൽ കയറിപ്പോയത്.

മണ്ണാറശാല ക്ഷേത്രവളപ്പിൽ സേവാഭാരതി സേവനകേന്ദ്രം തയ്യാറാക്കിയിരുന്നു. ഇതിന്റെ ഉദ്ഘാടനം മന്ത്രിയെക്കൊണ്ടു നടത്തിക്കാൻ സംഘാടകർ ശ്രമിച്ചെങ്കിലും അതിനു തയ്യാറാകാതെ അദ്ദേഹം സ്ഥലംവിട്ടു.

തപാൽ ദിനത്തിൽ കളക്ടർക്ക് കത്തെഴുതി രണ്ടാം ക്ലാസുകാരൻ

തൃശൂർ: തപാൽ ദിനത്തിൽ റേഷൻ കാർഡിനായി ജില്ലാ കളക്ടർക്ക് കത്തെഴുതി രണ്ടാം ക്ലാസുകാരൻ. ഇരിങ്ങാലക്കുട പൊറത്തിശ്ശേരി മഹാത്മാ എൽ പി ആൻഡ് യു പി സ്കൂളിലെ രണ്ടാം ക്ലാസുകാരൻ കെ.എം അനയ് കൃഷ്ണയാണ് റേഷൻ കാർഡ് ഇല്ലാത്തതിനാൽ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ കഴിയാതെയായപ്പോൾ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യന് കത്തെഴുതിയത്. തപാൽ ദിനമായ ഒക്ടോ. 9 ന് ക്ലാസ് ടീച്ചറായ എൻ. പി രജനി ടീച്ചറുടെ നിർദ്ദേശ പ്രകാരം അധികൃതർക്ക് കത്ത് അയക്കാൻ ഉപദേശിച്ചപ്പോൾ അനയ് കൃഷ്ണയാണ് ജില്ലാ കളക്ടർക്ക് തന്റെ ആവശ്യം അറിയിച്ചുകൊണ്ട് കത്തെഴുതിയത്.

നവമാധ്യമങ്ങളുടെ കാലത്ത് ഇൻലന്റ് കത്തിൽ സ്വന്തം കൈപ്പടയിൽ കടലാസു പെൻസലിൽ എഴുതിയ അക്ഷരങ്ങളിൽ കോറിയിട്ട കുഞ്ഞുമനസ്സിന്റെ നൊമ്പരം കളക്ടറുടെ മനസ്സിലുടക്കി. ബഹുമാനപ്പെട്ട കളക്ടർക്ക്, എനിക്ക് സ്കൂളിൽ നിന്നും സ്കോളർഷിപ്പിന് അപേക്ഷിക്കാൻ റേഷൻ കാർഡ് ഇല്ല ഞങ്ങൾ വാടകയ്ക്കാണ് താമസിക്കുന്നത് ഞങ്ങൾക്ക് റേഷൻ കാർഡ് അനുവദിച്ചുതരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. എന്ന് അനയ് കൃഷ്ണ കെ.എം രണ്ടാം ക്ലാസ്. കത്ത് വായിച്ച ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഉടൻ പരിഹാരം കാണുന്നതിനായി ജില്ലാസപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകി.

വാടകയ്ക്ക് താമസിക്കുന്നവരായിരുന്നു അനയ് കൃഷ്ണയുടെ കുടുംബം. റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാലായിരുന്നു റേഷൻ കാർഡ് നൽകാൻ കഴിയാതിരുന്നത്. വാടക കരാറിന്റെ ഡോക്യുമെന്റ് വെച്ച് റേഷൻ കാർഡ് നൽകാമെങ്കിലും അക്ഷയ സെന്ററിൽനിന്നുള്ള സാങ്കേതിക പ്രശ്നംമൂലം കാർഡ് ലഭിച്ചിരുന്നില്ല. ജില്ലാ കളക്ടറുടെ ഇടപെടലിലൂടെ മുകുന്ദപുരം താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും വാടക കരാറിന്റെ കോപ്പിവെച്ച് പിറ്റേന്ന് തന്നെ റേഷൻ കാർഡ് അനയ് കൃഷ്ണയുടെ കുടുംബത്തിന് ലഭിച്ചു. കാർഡ് കിട്ടിയോ എന്ന് ചോദിച്ചുകൊണ്ട് ജില്ലാ കളക്ടർ നേരിട്ടു ഫോണിൽ വിളിച്ചപ്പോൾ സന്തോഷം ഇരട്ടിയായി അനയ് കൃഷ്ണയ്ക്ക്. ഇന്ന് ജില്ലാ കളക്ടറെ നേരിട്ട് കാണാനും നന്ദി പറയാനുമായി അനയ് കൃഷ്ണയും കുടുംബവും ക്ലാസ് ടീച്ചർ എൻ.പി രജനിയോടൊപ്പം കളക്ട്രേറ്റിൽ എത്തിയിരുന്നു. ചേംബറിൽ തന്നെ കാണാൻ വന്ന അനയ് കൃഷ്ണയെ ജില്ലാ കളക്ടർ അഭിനന്ദിച്ചു.

അമലയിൽ ലോജിക് ഫോർട്ടിസ് അൾട്രാസൗണ്ട് മെഷീൻ സ്ഥാപിച്ചു

തൃശൂർ: കേരളത്തിൽ അപൂർവ്വം ഹോസ്പിറ്റലിൽ മാത്രം ലഭ്യമായ അത്യാധുനിക സൗകര്യങ്ങളോടു കൂടെയുള്ള ലോജിക് ഫോർട്ടിസ് അൾട്രാസൗണ്ട് മെഷീൻ അമല മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു.അൾട്രാസൗണ്ട് സ്കാനിങ്ങിൽ ഏറ്റവും നൂതനമായ ലിവർ ഇലാസ്ട്രോഗ്രഫി ഈ മെഷീന്റെ പ്രത്യേകതയാണ്.ഉദ്ഘാടന കർമ്മം ഡയറക്ടർ ഫാദർ ജൂലിയസ് അറക്കൽ നിർവഹിച്ചു.ജോയിൻ ഡയറക്ടർ ഫാദർ ജയ്സൺ മുണ്ടൻമാണി, റേഡിയോളജി വിഭാഗം മേധാവി ഡോക്ടർ റോബർട്ട് പി അമ്പൂക്കൻ എന്നിവർ പ്രസംഗിച്ചു.

കാരുണ്യ ചികിത്സാ പദ്ധതി; കുടിശ്ശിക ലഭിച്ചില്ലെങ്കിൽ സേവനം നിർത്തുമെന്ന് സ്വകാര്യ ആശുപത്രികളുടെ മുന്നറിയിപ്പ്

തൃശൂർ : കാരുണ്യ ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട കുടിശ്ശിക ലഭിച്ചില്ലെങ്കിൽ സേവനം നിർത്തുമെന്ന് സ്വകാര്യ ആശുപത്രികളുടെ മുന്നറിയിപ്പ്. കാരുണ്യ ആരോഗ്യരക്ഷ പദ്ധതിയിൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളാണ് മുന്നറിയിപ്പ് നൽകിയത്. വിഷയം മുഖ്യമന്ത്രി പിണറായി വിജയനെ അറിയിച്ചു.

മെഡിക്കൽ കോളജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളും കിട്ടാനുള്ള തുക അടിയന്തരമായി അനുവദിക്കണമെന്ന ആവശ്യവുമായി ആരോഗ്യവകുപ്പിനെ സമീപിച്ചിരിക്കുകയാണ്. കാരുണ്യ ആരോഗ്യരക്ഷ പദ്ധതിക്കായി 1300 കോടി രൂപ ധനവകുപ്പിനോട് ആരോഗ്യവകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ഇത്രയും പണം ഒന്നിച്ചു നൽകാൻ ആവില്ലെന്നാണ് ധനവകുപ്പ് വ്യക്തമാക്കുന്നത്. എന്നിരുന്നാലും നൂറുകോടി എങ്കിലും നൽകാനുള്ള ശ്രമത്തിലാണ് ധനവകുപ്പ്.

അതേസമയം, പദ്ധതിയുമായി ബന്ധപ്പെട്ട് 1100 കോടി രൂപയാണ് സർക്കാർ സ്വകാര്യ ആശുപത്രികൾക്ക് ലഭിക്കാൻ ഉള്ളത്. പദ്ധതിച്ചെലവിന്റെ 60% എങ്കിലും നൽകണമെന്ന് മന്ത്രി വീണാ ജോർജ് കേന്ദ്ര മന്ത്രി ജെ. പി നദ്ദയോട് ആവശ്യപ്പെട്ടതിന് ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.

'ആരോപണം സ്ഥിരീകരിക്കപ്പെട്ടിട്ടില്ല, മുഖ്യമന്ത്രിക്ക് മുന്നിലുള്ളവിഷയങ്ങൾ എനിക്ക് പറയാൻ പറ്റില്ല'

തിരു : എൻ.സി.പി അജിത് പവാർ പക്ഷത്തെത്തിക്കുന്നതിന് എം.എൽ.എ മാർക്ക് കോഴ വാഗ്ദാനം ചെയ്തെന്ന ആരോപണത്തിൽ പ്രതികരണവുമായി എൽ.ഡി.എഫ് കൺവീനർ ടി.പി രാമകൃഷ്ണൻ. ഇടതുപക്ഷജനാധിപത്യ മുന്നണിക്കകത്ത് അത്തരമൊരു വിഷയം വരുകയോ ചർച്ചചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. ആന്റണി രാജു മുഖ്യമന്ത്രിയുമായി സംസാരിച്ച വിഷയം എനിക്ക് പറയാൻ സാധിക്കില്ല. അത്തരം പ്രശ്നങ്ങൾ മുന്നണിയുടെ ശ്രദ്ധയിൽ വരുന്ന സമയത്ത് സ്വാഭാവികമായും അത് പരിശോധിക്കും. മുഖ്യമന്ത്രിയുടെ മുമ്പിലുള്ള വിവരത്തിന്റെ അടിസ്ഥാനത്തിലാണല്ലോ അദ്ദേഹം നിലപാടുകളെടുക്കുകയെന്നും ടി.പി രാമകൃഷ്ണൻ പറഞ്ഞു.

അത് ഉണ്ടാകാൻ പാടില്ലാത്തതാണ്. അങ്ങനെയുണ്ടെങ്കിൽ അതിൽ ഒരു വിട്ടുവീഴ്ചയുമില്ല. ഉണ്ടോ ഇല്ലയോ എന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടില്ലല്ലോ. അത് പരിശോധിച്ചിട്ടേ പറയാൻ പറ്റൂ. മുഖ്യമന്ത്രിക്ക് മുന്നിലുള്ള വിഷയങ്ങൾ എൽ.ഡി.എഫ് കൺവീനർക്ക് പറയാൻ പറ്റില്ല. മന്ത്രിസ്ഥാനത്തെ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് ഓരോ പാർട്ടികളുമാണ്. മന്ത്രിമാരെ നിശ്ചയിക്കാനുള്ള അധികാരമുള്ളത് മുഖ്യമന്ത്രിക്കാണ്. അദ്ദേഹത്തിന്റെ അധികാരപരിധിയിൽപ്പെടുന്നതിനായതിനാൽ കാര്യങ്ങൾ അദ്ദേഹം പരിശോധിക്കുമെന്നും ടിപി രാമകൃഷ്ണൻ കൂട്ടിച്ചേർത്തു.

മുൻ മന്ത്രിയും ജനാധിപത്യ കേരള കോൺഗ്രസിലെ ഏക എം.എൽ.എയുമായ ആന്റണി രാജുവിനും ആർ.എസ്.പി ലെനിനിസ്റ്റ് നേതാവ് കോവൂർ കുഞ്ഞുമോനും എൻ.സി.പി അജിത് പവാർ പക്ഷത്തെത്തിക്കുന്നതിന് എൻ.സി.പി. നേതാവും കുട്ടനാട് എം.എൽ.എയുമായ തോമസ് കെ. തോമസാ 100 കോടി രൂപ വാഗ്ദാനം ചെയതതായാണ് പുറത്തുവന്ന ആരോപണം.

വാഹനം ആവശ്യമുണ്ട്

തൃശൂർ: വനിതാശിശു വികസന വകുപ്പിനു കീഴിൽ തൃശ്ശൂർ പെരിങ്ങാവിൽ പ്രവർത്തിക്കുന്ന ഒല്ലൂക്കര അഡീഷണൽ, തൃശ്ശൂർ അർബൻ-2 ഐ.സി. ഡി. എസ് ഓഫീസിന്റെ ഔദ്യോഗിക ആവശ്യത്തിനായി ടാക്സി പെർമിറ്റുള്ള 12 വർഷത്തിൽ കുറവ് പഴക്കമുള്ള വാഹനം ഒരുവർഷത്തേക്ക് വാടകയ്ക്ക് ലഭ്യമാക്കാൻ താൽപര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ഒല്ലൂക്കര അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർ മത്സരസ്വഭാവമുള്ള മുദ്രവെച്ച റീ ടെണ്ടർ ക്ഷണിച്ചു. റീ ടെണ്ടർ ഒക്ടോബർ 28 ന് ഉച്ചതിരിഞ്ഞ് 3 നകം ലഭിക്കണം. കൂടുതൽ വിവരങ്ങൾക്കായി തൃശ്ശൂർ പെരിങ്ങാവിൽ പ്രവർത്തിക്കുന്ന ഒല്ലൂക്കര അഡീഷണൽ അർബൻ 2 പ്രോജക്ട് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 8281999225.

യുജിസി നെറ്റ് കോച്ചിംഗ്

തൃശൂർ: ഐ.എച്ച്.ആർ.ഡിയുടെ അയലൂർ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ യുജിസി നെറ്റ് ജനറൽ പേപ്പർ (പേപ്പർ 1) കോച്ചിംഗ് ആരംഭിക്കുന്നു. താൽപര്യമുള്ളവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9446748043, 8547005029.

ചൂരക്കാട്ടുകര ഗ്രാമീണ നാടകവേദിയുടെ 7-ാമത് അഖില കേരള പ്രൊഫഷണൽ നാടകമേളക്ക് തിരി തെളിഞ്ഞു

കുന്നംകുളം : ചൂരക്കാട്ടുകര ഗ്രാമീണ നാടകവേദിയുടെ 7 -ാമത് അഖില കേരള പ്രൊഫഷണൽ നാടകമേളക്ക് തിരി തെളിഞ്ഞു.

ചൂരക്കാട്ടുകര അയ്യപ്പൻകാവ് ക്ഷേത്ര മൈതാനിയിൽ നടന്ന ഉദ്ഘാടന യോഗത്തിൽ നാടകവേദി പ്രസിഡണ്ട് ഇ.എസ് വിജയകുമാർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീകുമാർ സ്വാഗത പ്രസംഗം നടത്തി. ചൂരക്കാട്ടുകരയിലെ ആദ്യകാല നാടകപ്രവർത്തകരായ കെ.കെ വേലപ്പൻ, സി.എ നന്ദകുമാർ, വിജയൻ ഐ. ഐ, രാമചന്ദ്രൻ സി. എസ്സ്, ശ്രീധരൻ സി. കെ, രാധാകൃഷ്ണൻ കെ.എൻ,കൊച്ചുകുട്ടൻ പി, വിശ്വനാഥൻ ഇ.ഡി, ഗംഗാധരൻ സി.കെ,മോഹനൻ സി.എസ്,രാമദാസ് പി.ആർ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു.

യോഗത്തിൽ അടാട്ട് ഗ്രാമപഞ്ചായത്ത് മെമ്പർമാരായ മോഹിനി വി., ശ്രീജിത്ത് ഇ.യു എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് ഉദ്ഘാടക പ്രതിഭകളായ പഴയ നാടകപ്രവർത്തകർക്ക് ഉപഹാരം നൽകി ആദരിച്ചു. കൺവീനർ ഇ.കെ.ശ്രീനിവാസൻ നന്ദി പറഞ്ഞു. തുടർന്ന് പാലാ കമ്മ്യൂണിക്കേഷൻസ് "ലൈഫ് ഈസ് ബ്യൂട്ടിഫുൾ" എന്ന നാടകം അവതരിപ്പിച്ചു.

സിനിമ നയ രൂപീകരണം; നിർദ്ദേശങ്ങൾ അറിയിക്കാം

തൃശൂർ: സംസ്ഥാന സിനിമ നയ രൂപീകരണവുമായി ബന്ധപ്പെട്ട് സിനിമാ സംവിധായകൻ ഷാജി എൻ. കരുൺ നേതൃത്വം നൽകുന്ന നയ രൂപീകരണ സമിതി പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾക്കായി www.ksfdc.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

ഒല്ലൂർ ഇടവകയിൽ പരേതർക്കുവേണ്ടി തിരുകർമ്മങ്ങൾ നടത്തി

ഒല്ലൂർ: ഫൊറോന പള്ളിയിൽ വി. റപ്പായേൽ മാലാഖയുടെ തിരുനാളിനോടനുബന്ധിച്ച് 25 വെള്ളിയാഴ്ച രാവിലെ ഇടവകയിലെ പരേതർക്കുവേണ്ടി റാസ കുർബ്ബാന നടത്തി. ഫാ. ജിയോ തെക്കിനിയത്ത് മുഖ്യ കാർമ്മികത്വം വഹിച്ചു. ഫാ. ജോൺ പുത്തൂർ, ഫാ. ആൽബിൻ ചൂണ്ടൽ, ഡീക്കൻ ക്ലിൻസൻ കാട്ടിപറമ്പിൽ എന്നിവർ സഹകാർമ്മികരായി.

ഇന്നലെ ഉച്ചകഴിഞ്ഞ് നടന്ന ഇടവക വൈദീകരുടെ സമൂഹബലിക്ക് ഫാ. ഫ്രാങ്കോ കവലക്കാട്ട്, ഫാ. റെനി മുണ്ടൻകുരിയൻ, ഫാ. സെബാസ്റ്റ്യൻ പേരൂട്ടി, ഫാ. ആന്റണി മേച്ചേരിപ്പടി, ഫാ. ജിതിൻ വല്ലച്ചിറക്കാരൻ, ഫാ. ജോസൻ പടിക്കല, ഫാ. വർഗ്ഗീസ് മേച്ചേരി, ഫാ. ഗ്ലാൻസൻ പുല്ലാടൻ, ഫാ. റാഫേൽ മാണിപറമ്പിൽ തുടങ്ങിയവർ കാർമ്മികത്വം വഹിച്ചു.

ഭക്തനിർഭരമായ പ്രദക്ഷിണത്തിന് 60 പൊൻകുരിശും നൂറിലധികം പട്ടുകുടകളും അണിനിരന്നു. കുടുംബയൂണിറ്റ് ഭാരവാഹികൾ, വിദ്യാർത്ഥികൾ, തിരുനാൾ കമ്മിറ്റിക്കാർ തുടങ്ങി രണ്ടായിരത്തോളം പേർ പങ്കെടുത്തു. തുടർന്ന് ഫാൻസി വെടിക്കെട്ടും മേളവും ഉണ്ടായിരുന്നു.

ലാബ് ഉപകരണങ്ങൾ ആവശ്യമുണ്ട്

ചാലക്കുടി: ഗവ. മോഡൽ ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിൽ നവംബർ മുതൽ ആരംഭിക്കുന്ന ഇലക്ട്രിക് വെഹിക്കിൾ സർവ്വീസ് ടെക്നീഷ്യൻ, ഡ്രോൺ സർവ്വീസ് ടെക്നീഷ്യൻ എന്നീ കോഴ്സുകളിലേക്ക് ആവശ്യമായ ലാബ് ഉപകരണങ്ങളും സാമഗ്രികളും ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ഫോം ഒക്ടോബർ 28 മുതൽ നവംബർ 11 വരെ സ്കൂളിൽ നിന്ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 3.30 വരെ ലഭിക്കും. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 9497409042, 9562619563.

പതിനേഴോളം കേസുകളിലെ പ്രതിയും സ്റ്റേഷൻ റൗഡിയുമായ കാട്ടൂർ സ്വദേശി അറസ്റ്റിൽ

ഇരിങ്ങാലക്കുട: ബാറിൽ വെച്ച് സുഹൃത്തിനെ ഗ്ലാസ് പൊട്ടിച്ച് കുത്തി കൊല്ലാൻ ശ്രമിച്ചയാൾ അറസ്റ്റിൽ. കാട്ടൂർ പൊഞ്ഞനം പള്ളിച്ചാടത്ത് വീട്ടിൽ ശ്രീവൽസൻ (41) നെയാണ് ഇരിങ്ങാലക്കുട പോലീസ് അറസ്റ്റ് ചെയ്തത്.

മാപ്രാണം റോസ് റസിഡൻസി ബാറിൽ വെച്ച് മദ്യപിച്ചതിനെ പൈസ കൊടുക്കുന്നതിനെ ചൊല്ലിയുള്ള തർക്കമാണ് അടിപിടിയിലും അക്രമണത്തിലും കലാശിച്ചത്.

രണ്ടു കണ്ണിനും ഗുരുതരമായി പരുക്കേറ്റ പൊഞ്ഞനം സ്വദേശിയായ യുവാവ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ ചികിത്സയിൽ ആണ്. കാട്ടൂർ പോലീസ് സ്റ്റേഷൻ റൗഡിയായ പ്രതി ഇരിങ്ങാലക്കുട, കാട്ടൂർ സ്റ്റേഷനുകളിലായി പതിനേഴോളം കേസുകളിൽ പ്രതിയാണ്. ഇരിങ്ങാലക്കുട സി ഐ അനീഷ് കരീമിന്റെ നേതൃത്വത്തിൽ ഉള്ള അന്വേഷണ സംഘത്തിൽ ഉദ്യോഗസ്ഥരായ ആൽബി, തോമസ് വർക്കി, ക്ലീറ്റസ്, രഞ്ജിത്ത് ആനാപ്പുഴ, സുജിത്ത്, ഷാബു എറവക്കാട് എന്നിവർ ഉണ്ടായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

വിമുക്ത ഭടന്മാർക്ക് കൊച്ചിൻ ഷിപ്പിയാർഡിൽ തൊഴിൽ അവസരം

തൃശ്ശൂർ: കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന് കീഴിൽ ഏഴ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. വിശദവിവരങ്ങൾക്കായി www.cochinshipiyard.in(career page-CSL, Kochi) സന്ദർശിക്കുക.

യോഗ്യരായ വിമുക്തഭടന്മാർ നവംബർ 10 നകം ജില്ലാ സൈനികക്ഷേമ ഓഫീസിൽ അപേക്ഷ അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 0477-2245673.

ഉപഭോക്തൃവിധിപ്രകാരം നിക്ഷേപ സംഖ്യയും നഷ്ടവും നല്കിയില്ല, സഹകരണസംഘത്തിനും സെക്രട്ടറി ഇൻ ചാർജിനും വാറണ്ട്

തൃശൂർ: ഉപഭോക്തൃ വിധി പാലിക്കാതിരുന്നതിനെത്തുടർന്ന് ഫയലാക്കിയ ഹർജിയിൽ വാറണ്ട് അയക്കുവാൻ ഉത്തരവ്. വിയ്യൂർ കാറ്റുവളപ്പിൽ വീട്ടിൽ മോഹനൻ.കെ.കെ. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂരിലെ ലൈഫ് ഇൻഷുറൻസ് ഏജന്റ്സ് സഹകരണസംഘത്തിനെതിരെയും, സെക്രട്ടറി ഇൻചാർജ് ശുഭലക്ഷ്മിക്കെതിരെയും ഇപ്രകാരം വാറണ്ട് അയക്കുവാൻ ഉത്തരവായത്. മോഹനൻ, നിക്ഷേപസംഖ്യ തിരികെ നൽകാതിരുന്നതിനെ ചോദ്യം ചെയ്ത് ഫയൽ ചെയ്ത ഹർജിയിൽ 1,00,000 രൂപയും 2016 ജനുവരി 11 മുതൽ, 12 % പലിശയും നഷ്ടപരിഹാരമായി 10,000 രൂപയും ചിലവിലേക് 2000 രൂപയും നല്കുവാൻ കല്പിച്ച് നേരത്തെ വിധിയുണ്ടായിരുന്നു. ഒരു മാസത്തിനുള്ളിൽ വിധി പാലിക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു.എന്നാൽ വിധി എതിർകക്ഷികൾ പാലിക്കുകയുണ്ടായില്ല. തുടർന്ന് വിധി പാലിക്കാതിരുന്നതിന് എതിർകക്ഷികളെ ശിക്ഷിക്കുവാൻ ഹർജി ഫയൽ ചെയ്യുകയായിരുന്നു. വിധി പാലിക്കാതിരുന്നതിന് മൂന്ന് വർഷം വരെ തടവ് ശിക്ഷ വിധിക്കുവാൻ ഉപഭോക്തൃകോടതിക്ക് അധികാരമുള്ളതാകുന്നു.

ഹർജി പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാംമോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി എതിർകക്ഷികളെ അറസ്റ്റ് ചെയ്തു് ഹാജരാക്കുവാൻ കല്പിച്ച് പോലീസ് മുഖേന വാറണ്ട് അയക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

എം സി ജോസഫ് അനുസ്മരണ സമ്മേളനം ഒക്ടോബർ 27 ന് ഇരിങ്ങാലക്കുടയിൽ

ഇരിങ്ങാലക്കുട: കേരള യുക്തിവാദി സംഘം തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ യുക്തിവാദി എം സി ജോസഫ് അനുസ്മരണ സമ്മേളനം ഒക്ടോബർ 27 ന് ഇരിങ്ങാലക്കുടയിൽ നടക്കും.

രാവിലെ 10 ന് എസ് എസ് ഹാളിൽ നടക്കുന്ന സമ്മേളനം കാലടി സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ ധർമ്മരാജ് അടാട്ട് ഉദ്ഘാടനം ചെയ്യുമെന്ന് സംഘാടക സമിതി ചെയർമാൻ കെ എസ് സുധാകരൻ , ജനറൽ കൺവീനർ സജ്ജൻ കാക്കനാട് എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു.

കെവൈഎസ് മുൻ ജനറൽ സെക്രട്ടറി കെ പി ശബരി ഗിരീഷ് എം സി ജോസഫ് അനുസ്മരണവും സ്വതന്ത്ര്യ ഇച്ഛയും പരിണാമവും എന്ന വിഷയത്തിൽ ഡോ സി വിശ്വനാഥൻ സ്മാരക പ്രഭാഷണവും നടത്തും.

ഐക്യ രാഷ്ട്ര സഭയുടെ കർമ്മസേന പുരസ്കാരം നേടിയ നിപ്മർ എക്സിക്യൂട്ടീവ് ഡയറക്ടർ സി ചന്ദ്രബാബുവിന് സമ്മേളനത്തിൽ സ്വീകരണം നൽകും. സംഘം ജില്ലാ സെക്രട്ടറി സിന്ധുരാജ് ചാമപറമ്പിൽ, സംഘാടകരായ കെ സി സജയൻ, ഇ ഡി അഗസ്റ്റിൻ എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

കുഡുംബി യുവജനസംഘത്തിന്റെ ഇരുപതാം സംസ്ഥാന സമ്മേളനം ഒക്ടോബർ 27 ന് ഇരിങ്ങാലക്കുടയിൽ

ഇരിങ്ങാലക്കുട : കുഡുംബി യുവജന സംഘത്തിന്റെ ഇരുപതാം സംസ്ഥാന സമ്മേളനം ഒക്ടോബർ 27 ന് ഇരിങ്ങാലക്കുട ഉണ്ണായിവാര്യർ സ്മാരക കലാനിലയം ഹാളിൽ നടക്കും. രാവിലെ 9